150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാലയ്ക്ക് വിവിധ കോളേജുകളിൽ നിന്ന് ലഭിക്കുവാനുള്ള ഫീസുകളെ സംബന്ധിച്ച് സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6689/AC A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.12.2019

---

പരാമർശം:-16.12.2019 ൽ ചേർന്ന സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതിയുടെ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ. എ. 1

**<u>ഉത്തരവ്</u>**

സർവകലാശാലയ്ക്ക് വിവിധ കോളേജുകളിൽ നിന്ന് ലഭിക്കുവാനുള്ള ഫീസുകളെ സംബന്ധിച്ച് 16.12.2019 ൽ ചേർന്ന സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതി മേൽ പരാമർശം പ്രകാരം നൽകിയ ശുപാർശകൾ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, സെക്ഷൻ 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് അംഗീകരിച്ചു കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിൽ നിന്നും ലഭിക്കേണ്ടുന്നതായ വിവിധയിനം ഫീസുകളിൽ നിലവിലുള്ള കുടിശ്ശിക കൃത്യമായി കോളേജ് തിരിച്ചു 10.01.2020 ന് മുൻപായി ബന്ധപ്പെട്ട സെക്ഷനുകൾ തയ്യാറാക്കേണ്ടതാണ്.
2. സർവകലാശാല ഓഡിറ്റ് വിഭാഗത്തിന്റെ 'എല്ലാ കുടിശ്ശികയും അടച്ചു കഴിഞ്ഞു' എന്നുള്ള സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം മാത്രം, പ്രസ്തുത കോളേജുകളുടെ അഫിലിയേഷൻ പുതുക്കുന്നത് ഉൾപ്പെടെയുള്ള ഏതൊരാവശ്യവും ചെയ്തു കൊടുക്കാവുന്നതാണ്.
3. E-grants ലഭിക്കുന്ന പ്രോഗ്രാമുകൾക്ക് മാത്രമേ പരീക്ഷാഫീസ് ഇളവ് അനുവദിക്കേണ്ടതുള്ളൂ. പൊതുവായി ഇളവ് അനുവദിക്കുന്ന രീതി പരീക്ഷാവിഭാഗം നിർത്തലാക്കേണ്ടതാണ്.
4. ഡിമാൻഡ് കളക്ഷൻ ബാലൻസ് (DCB) രജിസ്റ്ററുകൾ ബന്ധപ്പെട്ട എല്ലാ സെക്ഷനുകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. 01.04.2020 ന് മുൻപായി സ്വയം ഭരണ കോളേജുകൾ ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് സ്ഥാപനങ്ങൾ സർവ്വകലാശാലയിലേക്ക് ഒടുക്കേണ്ട പണത്തിൽ നിലനിൽക്കുന്ന കുടിശ്ശിക പൂർണ്ണമായും ഒടുക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകേണ്ടതാണ്.
5. 2020 - 21 അക്കാദമിക് വർഷം മുതൽ, സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികളുടെ പ്രവേശനവും ഒരു പൊതു പ്രവേശന പോർട്ടൽ വഴി ആക്കേണ്ടതാണ്. ഇത് വഴി അഡ്മിഷൻ കഴിയുമ്പോൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും 'ഫീ ഡ്യൂ ടു യൂണിവേഴ്സിറ്റി' അടപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്.
6. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിന് (CPAS) കീഴിലുള്ള കോളേജുകളിൽ നിന്നും സർവകലാശാലയ്ക്ക് ലഭിക്കേണ്ട വിവിധയിനം ഫീസുകളുടെ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകൾ 10.01.2020 ന് മുൻപ് നൽകേണ്ടതാണ്. Annual Administration fee ഇനത്തിലുള്ള കുടിശ്ശിക എത്രയും വേഗം ഒടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.
7. മേൽ പറഞ്ഞ തീരുമാനങ്ങൾ അഫിലിയേറ്റഡ് കോളേജുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന Ac A1, Ac A7, Ac A8, DSS, SPESS, Ac B6, Ac B7 എന്നീ സെക്ഷനുകൾക്ക് ബാധകമാണ്.
8. മേല്പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ്, 'ഇന്റേണൽ ഓഡിറ്റ് വിഭാഗം' സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

Draft #2 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 24-Dec-2019 01:30 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ .
2.വി സി / പി വി സി / എന്നിവരുടെ പി.എസ് മാർ.
3.രജിസ്ട്രാർ /എഫ്ഒ / സി ഇ എന്നിവരുടെ പി എ മാർ.
4.ജെ ആർ /ഡി ആർ /എ ആർ (അക്കാഡമിക്/പരീക്ഷ/ഫിനാൻസ്).
5.സിറ്റാഡ് / ഐകയുഎസി / പി ആർ ഒ / അന്വേഷണം / കണ്ടെന്റ് മാനേജ്മെന്റ് സെൽ.
6.എ സി സി 1/എ സി സി 2/എ റ്റി ആർ /എസി ബി 6 /എസിബി 7/എസി എ7/8 .
7.ഇന്റേണൽ ഓഡിറ്റ് / അക്കൗണ്ട്സ് iii/ വിവിധ അക്കാഡമിക് സെക്ഷനുകൾ
8.കരുതൽ ഫയൽ/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 24-Dec-2019 01:30 PM - Page 2